**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 3, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ തടയുന്നതിന് നടപടി

ശ്രീ. തോമസ് ഉണ്ണിയാടൻ: ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. പച്ചക്കറിയിൽ തളിക്കുന്ന കീടനാശിനി രോഗങ്ങളുണ്ടാക്കുന്നു എന്നു മാത്രമല്ല. ഗർഭാവസ്ഥയിലുള്ള കുഞ്ഞുങ്ങൾക്കുപോലും തകരാറുണ്ടാക്കുന്നുവെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഭക്ഷണ പദാർത്ഥങ്ങൾക്ക് നിറവും രുചിയും നൽകുന്നതിനുവേണ്ടി വിവിധ തരത്തിലുള്ള രാസപദാർത്ഥങ്ങൾ ചേർക്കുന്നത് കാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ മായം ചേർക്കലുമായി ബന്ധപ്പെട്ടുകൊണ്ട് 1558 കേസുകൾ രജിസ്റ്റർ ചെയ്തതിൽ വിരലിലെണ്ണാവുന്നവരെ മാത്രമാണ് ശിക്ഷിച്ചിട്ടുള്ളത്. നിയമത്തിന്റെ

അഭാവവും ജനങ്ങളിലെ അവബോധമില്ലായ്മയും കൊണ്ട് മായം ചേർക്കൽ വ്യാപമായിരിക്കുകയാണ്. ശിക്ഷാ നടപടികൾ കർശനമാക്കിയും ജനങ്ങളിൽ അവബോധമുണ്ടാക്കിയും ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ കേന്ദ്ര ഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റും ഒട്ടേറെ നടപടികളെടുക്കേണ്ടതുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് സംസ്ഥാന ഗവൺമെന്റിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമം കാര്യക്ഷമമാക്കുന്നതിനുവേണ്ടിയാണ് 2007-ൽ സംസ്ഥാന ഗവൺമെന്റ് ഭക്ഷ്യ മായം ചേർക്കൽ നിരോധന ചട്ടം കൊണ്ടുവന്നത് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ ഫലപ്രദമായി തടയാനും സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്താനും കഴിയുന്നില്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമത്തിന് പകരമായി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ട് കേന്ദ്രഗവൺമെന്റ് 2006-ൽ പാസ്സാക്കി. ഈ നിയമത്തിന്റെ ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി ഫുഡ് സേഫ്റ്റി കമ്മീഷണറെയും സ്പെഷ്യൽ ആഫീസറേയും ജോയിന്റ് കമ്മീഷണർമാരേയും നിയമിച്ചിട്ടുണ്ട്. ഫുഡ് ഇൻസ്പെക്ടർമാർ ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് അനലറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. മായം ചേർത്തതായോ നിശ്ചിത ഗുണനിലവാരം ഇല്ലെന്നോ കണ്ടെത്തിയാൽ മായംചേർക്കൽ നിരോധന നിയമ പ്രകാരം ക്രിമിനൽ കേസ് ഫയൽ ചെയ്യുന്നതാണ്.

(2) കോൾ നിലങ്ങളുടെ സംരക്ഷണം

ശ്രീ. വി.എസ്. സുനിൽ കുമാർ: കേരളത്തിൽ തൃശ്ശൂരിലും പൊന്നാനിയിലും മലപ്പുറത്തുമായി 17,500 ഓളം ഹെക്ടർ കോൾ നിലങ്ങളുണ്ട്. ഇവിടെയാണ് ഭൂരിഭാഗം നെല്ലുൽപ്പാദനവും നടക്കുന്നത്. ഈ ഗവൺമെന്റ് കോൾ നിലങ്ങളുടെ ആദ്യഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തികരിച്ചെങ്കിൽ മാത്രമേ കോൾ മേഖലയെ ശക്തിപ്പെടുത്താൻ കഴിയുകയുള്ളു. അവിടെ ഇരിപ്പുകൃഷി ചെയ്യണമെങ്കിൽ ബണ്ടുകൾ ശക്തിപ്പെടുത്തുകയും വാട്ടർ ഷെഡുകളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുകയും ചെയ്യണം. കോൾ മേഖലയെ സംരക്ഷിക്കാൻ സമഗ്രവും ശാസ്ത്രീയവുമായ ഒരു പദ്ധതിയെപ്പറ്റി അടിയന്തിരമായി ആലോചിക്കണം. കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : തൃശ്ശൂർ കോൾ മേഖലയിൽ ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് 212.87 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ വർക്ക് നടക്കുകയാണ്. സെക്കന്റ് ഫെയിസ് നടപ്പാക്കുമ്പോൾ 5,000 ഹെക്ടർ സ്ഥലത്ത് ഇരിപ്പൂ കൃഷി ചെയ്യാമെന്നാണ് കരുതുന്നത്. പൊന്നാനി കോൾ മേഖലയിൽ ആദ്യഘട്ടത്തിൽ ഒരുപ്പൂ കൃഷിയായും രണ്ടാം ഘട്ടത്തിൽ ഇരിപ്പൂ കൃഷിയായും ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. കാർഷിക യൂണിവേഴ്സിറ്റിയും കൃഷി വകുപ്പും ചേർന്ന് തൃശ്ശൂർ കോൾ മേഖലയിൽ 212 കോടി രൂപയുടെയും പൊന്നാനി കോൾ മേഖലയിൽ 59 കോടി രൂപയുടെയും പദ്ധതിക്കുള്ള നക്കൽ സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ കോൾ മേഖല തൃശ്ശൂർ കളക്ടറുടെ നേതൃത്വത്തിലും പൊന്നാനി മേഖല മലപ്പുറം കളക്ടറുടെ നേതൃത്വത്തിലുമുള്ള വികസന സമിതികളാണ് മോണിറ്ററിംഗ് നടത്തുന്നത്.

സെക്കന്റ് ഫെയിസ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത പദ്ധതിയായി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി നടപടിക്രമങ്ങളുമായി മുന്നോട്ടുപോവുകയാണ്.

**സബ്മിഷൻ**

(1) ജില്ലകളുടേയും താലൂക്കുകളുടേയും പുന:സംഘടന

ശ്രീ. സി.പി. മുഹമ്മദ്: ഒറ്റപ്പാലം താലൂക്ക് പുന:സംഘടിപ്പിക്കാനും. പട്ടാമ്പി താലൂക്ക് രൂപവൽക്കരിക്കാനും അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഒറ്റപ്പാലം താലൂക്ക് വിഭജിച്ച് പട്ടാമ്പി താലൂക്ക് രൂപീകരിക്കാനുള്ള നിർദ്ദേശം വിശദമായി പരിശോധിച്ചുവരികയാണ്.

(2) വാർഡുകൾ സംവരണം ചെയ്യാൻ നടപടി

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗക്കാർ ധാരാളമായി താമസിക്കുന്ന ഉദയഗിരി, നടുവിൽ, ആലക്കോട് തുടങ്ങിയ പഞ്ചായത്തുകളിൽ പട്ടികവർഗ്ഗക്കാർക്കായി വാർഡുകൾ സംവരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ.സി. ജോസഫ് : കണ്ണൂർ, കാസർഗോഡ് ഉൾപ്പെടെ പട്ടികവർഗ്ഗക്കാർ ധാരാളമായി താമസിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ പട്ടികവർഗ്ഗക്കാർക്കായി വാർഡുകൾ സംവരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : 2001-ലെ സെൻസസ് അടിസ്ഥാനമാക്കി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കണക്കെടുത്ത് സംവരണ വാർഡുകൾ പുതുക്കി നിശ്ചയിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(3) കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ ജോലി സമയം

ശ്രീ. ജോസഫ് എം. പുതുശ്ശേരി : മോട്ടോർ വെഹിക്കിൾസ് ആക്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ ജോലി സമയം 8 മണിക്കൂർ ആണെങ്കിലും. ചില സന്ദർഭങ്ങളിൽ 10 മണിക്കൂർ വരെയാകുന്നുണ്ട്. എന്നാൽ ഒറ്റയടിക്ക് ഇരുപതോളം മണിക്കൂറുകൾ വണ്ടിയോടിക്കേണ്ടി വരുന്നത് അപകടങ്ങൾ സൃഷ്ടിക്കുന്നു എന്നതുകൊണ്ട് ഇതൊഴിവാക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കണ്ടക്ടർമാരുടേയും ഡ്രൈവർമാരുടേയും അനുപാതം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ഡ്രൈവർമാർ വിശ്രമമില്ലാതെ ഇരുപതോളം മണിക്കൂറുകൾ വണ്ടിയോടിക്കുന്നു എന്നുള്ളത് വസ്തുതാവിരുദ്ധമാണ്. എട്ട് മണിക്കൂർ സിംഗിൾ ഡ്യൂട്ടിയും ആറര മണിക്കൂർ സ്റ്റിയറിംഗ് ഡ്യൂട്ടിയും ഒന്നര മണിക്കൂർ വിശ്രമവും എന്നുള്ള രീതിയാണ് തുടരുന്നത്. ഓവർടൈം ഡ്യൂട്ടി അനുവദിക്കുന്നില്ല. ഡബിൾ ഡ്യൂട്ടി എടുക്കുന്നവർക്ക് രണ്ടാമത്തെ ഡ്യൂട്ടി സറണ്ടർ ചെയ്യാനുള്ള അനുവാദമുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ഏറ്റവുംകൂടുതൽ സ്ഥിരം ജിവനക്കാരായുള്ളത് ഡ്രൈവർമാരാണ്. പി.എസ്.സി. വഴി ആറായിരത്തിലധികം സ്ഥിരം ഡ്രൈവർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട അപകടങ്ങൾ വളരെ കുറഞ്ഞിട്ടുണ്ട്. അപകടങ്ങൾ ഇനിയും കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ദീർഘദൂര ഡ്യൂട്ടി പാറ്റേണിൽ മാറ്റം വരുത്തുന്നതിനെ സംബന്ധിച്ച് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തിവരികയാ

ണ്. 1961-ലെ കേന്ദ്ര മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടിലെ പല വകുപ്പുകളും ഒഴിവാക്കണമെന്നുള്ളതാണ് സർക്കാരിന്റെ അഭിപ്രായം.

(4) നിലമ്പൂർ എടക്കര പഞ്ചായത്തിൽ നടക്കുന്ന സംഘട്ടനങ്ങൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : നിലമ്പൂർ മണ്ഡലത്തിൽ എടക്കര പഞ്ചായത്തിൽ സി.ഐ.ടി.യു. - എൻ.ഡി.എഫ്. സംഘട്ടനവുമായി ബന്ധപ്പെട്ട് സബ് ഇൻസ്പെക്ടറെ ദേഹോപദ്രവം ഏല്പിച്ച ആളുകളെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനും അവിടെ ക്രമസമാധാന നില ഭദ്രമാക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): എടക്കര പഞ്ചായത്തിൽ 15-02-2010-ന് ഉച്ചയ്ക്കുശേഷം 3.00 മണിക്ക് എൻ.ഡി.എഫ്. നടത്തിവരുന്ന മൊബൈൽ ഷോപ്പിൽ വച്ച് സി.പി.ഐ.(എം.) അനുഭാവികളും എൻ.ഡി.എഫ്. അനുഭാവികളുമായി വാക്കുതർക്കമുണ്ടാകുകയും എൻ.ഡി.എഫ്. അനുഭാവിക്ക് ദേഹോപദ്രവമേറ്റതിനെത്തുടർന്ന് 18-2-2010, 22-2-2010 എന്നീ ദിവസങ്ങളിൽ എൻ.ഡി.എഫ്, എസ്.ടി.പി.ഐ. അനുഭാവികളും സി.ഐ.ടി.യു. അനുഭാവികളും തമ്മിൽ അടിപിടിയുണ്ടാക്കിയതുമായും സബ് ഇൻസ്പെക്ടറെ ദേഹോപദ്രവമേൽപ്പിച്ചതുമായും ബന്ധപ്പെട്ടുകൊണ്ട് എടക്കര പോലീസ് സ്റ്റേഷനിൽ നാലോളം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ 11 സി.ഐ.ടി.യു.ക്കാരേയും 7 എൻ.ഡി.എഫ്.കാരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന പ്രതികളെക്കൂടി അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. നിയമാനുസൃതമായ റെയ്ഡുകൾ നടത്തുമ്പോൾ നിരപരാധികളും സാധാരണക്കാരുമായ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(5) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

ശ്രീ. യു.സി. രാമൻ: കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുകയും ഭരണാനുമതി ലഭിക്കുകയും ചെയ്ത കോഴിക്കോട് ജില്ലയിലെ മുക്കം മിനി സിവിൽ സ്റ്റേഷൻ അഗസ്ത്യാർമൂഴിയിൽ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കോഴിക്കോട് ജില്ലയിലെ മുക്കത്ത് മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 2009-2010 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുകയും 155 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തു. ഇതിനായി മുക്കം പഞ്ചായത്തിലെ താഴേക്കാട് വില്ലേജിലെ റവന്യൂവകുപ്പിന്റെ ഭൂമിയും അഗസ്ത്യാർമൂഴിയിലെ പി.ഡബ്ല്യു.ഡി. ഉടമസ്ഥതയിലുള്ള സ്ഥലവുമാണ് നിർദ്ദേശിക്കപ്പെട്ടിരുന്നത്. സർക്കാർ തലത്തിൽ സ്ഥലം പരിശോധിക്കുകയും മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയ പി.ഡബ്ല്യു.ഡി.യുടെ 1.38 ഏക്കർ സ്ഥലം പരിഗണിച്ചുകൊണ്ട് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(6) അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ബി. ബാബു പ്രസാദ്: അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനും കെ.ഇ.ആർ.-ന്റെ ലംഘനം നടത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ടനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിനോട് യോജിപ്പില്ലെന്നുള്ള പരസ്യ നിലപാടാണ് അൺഎയ്ഡഡ് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസ പരമായ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും സാമൂഹ്യ നീതിയുടേയും വ്യത്യസ്ത വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്ന കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിൽ ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ യോജിച്ച സമവായത്തിലൂടെ അഭിപ്രായ ഐക്യം ഉണ്ടാക്കണം. സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം അദ്ധ്യാപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കണം എന്ന ഉറച്ച നിലപാടാണുള്ളത്.

(7) തെങ്ങ് ക്ലസ്റ്ററുകൾക്ക് ഉൽപ്പാദന ബോണസ്

പ്രൊഫ. സി. രവീന്ദ്രനാഥ്: രജിസ്റ്റർ ചെയ്ത് മൂന്ന് വർഷം തുടർച്ചയായി പ്രവർത്തിക്കുന്ന തെങ്ങ് ക്ലസ്റ്ററുകൾക്ക് ഉൽപ്പാദന ബോണസ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): നാളികേര കൃഷിയുടെ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വികസനത്തിന് സർക്കാർ ചില നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 415 ക്ലസ്റ്ററുകൾ വിജയകരമായി പ്രവർത്തിച്ചുവരികയാണ്. ഇവർക്ക് ഹെക്ടർ ഒന്നിന് 14,000 രൂപ ധനസഹായം നൽകുന്നുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിൽത്തന്നെ ആയിരം ഹെക്ടർ സ്ഥലത്ത് നടപ്പാക്കുന്ന തെങ്ങ് കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് 17,500 രൂപയും തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതിപ്രകാരം ഹെക്ടർ ഒന്നിന് 7500 രൂപയും ധനസഹായം

നൽകുന്നുണ്ട്. തെങ്ങ് കൃഷിക്ക് ഉൽപാദന ബോണസ് കൊടുക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(8) സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം

ശ്രീ. എ. എം. ആരിഫ്: സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം കാലോചിതമായി പരിഷ്കരിക്കുന്നതിനും പദ്ധതി രൂപീകരണ സമയത്ത് ഇതിനുള്ള ഫണ്ട് നീക്കിവയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേന്ദ്രഗവൺമെന്റ് നിശ്ചയിച്ച ഓണറേറിയം പ്രേരക്മാർക്ക് 700 രൂപയും അസിസ്റ്റന്റ് പ്രേരകിന് 500 രൂപയും നോഡൽ പ്രേരകിന് 1200 രൂപയുമായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 2008 മുതൽ പ്രേരക്മാരുടേത് ആയിരം രൂപയായും അസിസ്റ്റന്റ് പ്രേരക്മാരുടേത് 800 രൂപയായും നോഡൽ പ്രേരക്മാരുടേത് 1400 രൂപയായും വർദ്ധിപ്പിച്ചു. ഒരുമാസത്തെ വരുമാനം ഉൽസവബത്തയായും കൂടാതെ സ്പെഷ്യൽ അലവൻസും നൽകാൻ തീരുമാനം എടുത്തിട്ടുണ്ട്. പ്രേരക്മാരുടെ കോൺട്രിബ്യൂഷൻ ഇല്ലാതെ തന്നെ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി. ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളുടേയും മറ്റും സഹായത്തോടുകൂടി ലീപ് കേരള മിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുകയാണ്.

(9) കാൻസർ രോഗികളുടെ പ്രതിമാസ പെൻഷൻ

ശ്രീ. ബാബു എം. പാലിശ്ശേരി: ക്യാൻസർ രോഗികൾക്ക് നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): നിലവിലുള്ള ചട്ടങ്ങളിലെ നിബന്ധനകളിൽ ഇളവ് വരുത്തി കാൻസർ രോഗികൾക്ക് എളുപ്പത്തിൽ പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) ചെങ്ങന്നൂരിലെ കോർട്ട് കോംപ്ലക്സ് നിർമ്മാണം

ശ്രീ. പി. സി. വിഷ്ണുനാഥ്: നൂറ്വർഷം പഴക്കമുള്ളതും മൂന്ന് കോടതികൾ പ്രവർത്തിക്കുന്നതും അടിസ്ഥാന സൗകര്യങ്ങൾ പരിമിതവുമായ ചെങ്ങന്നൂരിലെ കോർട്ട് കോംപ്ലക്സിനു പകരം ഹൈക്കോടതി അപ്രൂവ് ചെയ്ത പ്ലാൻ പ്രകാരം കോടതി സമുച്ചയം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ചെങ്ങന്നൂർ കോർട്ട് ഉൾപ്പെടെ ഏഴ് കോടതി സമുച്ചയങ്ങൾ പണിയുന്നതിന് 2009-10 ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിരുന്നു. ചെങ്ങന്നൂർ കോടതി സമുച്ചയത്തിന്റെ കരട് എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതാണ്.

(11) വീര്യം കുറഞ്ഞ വിദേശമദ്യം വിറ്റഴിക്കാനുള്ള പദ്ധതി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സാമ്പത്തിക നേട്ടത്തിനും ടൂറിസം വികസനത്തിനുമെന്ന പേരിൽ ഗോവ ആസ്ഥാനമായുള്ള ബക്കാർട്ടി മാർട്ടിനി ഇൻഡ്യാ ലിമിറ്റഡ് എന്ന കമ്പനിക്ക് വീര്യം കുറഞ്ഞ മദ്യം വിൽക്കാൻ അനുവാദം കൊടുക്കാനുള്ള നീക്കം ഉപേക്ഷിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): വീര്യം കുറഞ്ഞ മദ്യം സംസ്ഥാനത്ത് വിൽക്കുന്നതിനുള്ള അനുവാദം തേടിക്കൊണ്ടുള്ള ബക്കാർട്ടി മാർട്ടിനി ഇൻഡ്യാ ലിമിറ്റഡ് എന്ന കമ്പനിയുടെ

അപേക്ഷ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അപേക്ഷ പരിഗണിക്കുന്ന കാര്യം സർക്കാരിന്റെ ആലോചനയിലില്ല.

**ക്രമപ്രശ്നം**

നിയമത്തിന് ചട്ടങ്ങൾ ഉണ്ടാക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 1962-ൽ പാസ്സാക്കിയ കേരള ഫയർ ഫോഴ്സ് ആക്ടിന് 16-06-1992-ൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചുവെങ്കിലും ഇതുവരെ ചട്ടങ്ങൾ ആവിഷ്ക്കരിച്ചിട്ടില്ലാത്തതിനാൽ നിയമം നടപ്പിലാക്കാൻ കഴിയുന്നില്ല. നിയമസഭാ ചട്ടം അനുസരിച്ച് നിയമം പാസ്സായാൽ ചട്ടമുണ്ടാക്കി പതിനാല് ദിവസത്തിനകം സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നുണ്ട്. ഈ ആക്ടിന് ഇതുവരെ ചട്ടങ്ങൾ ഉണ്ടാക്കാത്തതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 1962-ലെ കേരള ഫയർ ഫോഴ്സ് ആക്ടിന് 1965-ൽ ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കേരള അഗ്നിശമന രക്ഷാ സേന വകുപ്പിന്റേ ദൈനംദിന പ്രവർത്തനം സംബന്ധിച്ച് എല്ലാ കാര്യങ്ങളും പ്രതിപാദിച്ചിരുന്നില്ല എന്നതാണ് ഈ നിയമത്തിന്റെ ന്യൂനത. എങ്കിലും കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകളിലൂടെ പ്രത്യേക ചട്ടം ആവിഷ്ക്കരിച്ചിട്ടുണ്ട്. 17-08-1988-ൽ സ്റ്റേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ, ലീഡിംഗ് ഫയർമാൻ, ഡ്രൈവർ, മെക്കാനിക്, ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ, ഫയർമാൻ തുടങ്ങിയ തസ്തികകളുടെ നിയമനവും യോഗ്യതയും സംബന്ധിച്ച് സമഗ്രമായ ഫയർഫോഴ്സ് സബോർഡിനേറ്റ് ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഫയർഫോഴ്സ് ഡയറക്ടർ, ഡപ്യൂട്ടി ഡയറക്ടർ, ഡിവിഷണൽ ഓഫീസർ, അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ തുടങ്ങിയ തസ്തികകളിലെ നിയമനം

സംബന്ധിച്ചും യോഗ്യതയും സംബന്ധിച്ച് പ്രത്യേക ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ച കമ്മിറ്റി വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം തയ്യാറാക്കി 21-8-2008-ൽ സമർപ്പിച്ച കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് റൂൾസ് 2007-ന്റെ കരട് ആഭ്യന്തര വകുപ്പ് വിശദമായ ചർച്ചകൾക്കുശേഷം വരുത്തിയ ഭേദഗതികൾ കൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാനുള്ള നടപടികൾ വേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: നിയമം പാസ്സാക്കി വർഷങ്ങൾ കഴിഞ്ഞാലും ചട്ടങ്ങൾ ഉണ്ടാക്കാത്ത സാഹചര്യം അവസാനിപ്പിക്കേണ്ടതാണ്. നിയമസഭയുടെ റൂൾസ് കമ്മിറ്റിയും ഈ വിഷയം ഗൗരവമായി പരിശോധിച്ചിട്ടുണ്ട്. നിയമസഭാ ചട്ടങ്ങൾ പരിഷ്ക്കരിക്കുമ്പോൾ ഇക്കാര്യം ഉൾപ്പെടുത്താൻ വേണ്ടി തീരുമാനിച്ചിട്ടുണ്ട്. .

**വ്യക്തിപരമായ വിശദീകരണം**

ചാനലുകളിൽ തെറ്റായ വാർത്ത സംപ്രേഷണം ചെയ്ത സംഭവം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: അമ്മയുടെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കാൻ 25-02-2010-ന് കുടുംബസമേതം എം.എൽ.എ. ഹോസ്റ്റലിൽ നിന്നും കരകുളത്തേയ്ക്ക് കാറിൽ യാത്ര ചെയ്യുമ്പോൾ ട്രാഫിക്ക് നിയമങ്ങൾ ലംഘിച്ച് വന്ന കെ.എസ്.ആർ.ടി.സി. ബസ്സ് കാറിന്റെ ഇടതുഭാഗത്ത് ഇടിച്ചശേഷം നിർത്താതെ പോവുകയുണ്ടായി. പ്രസ്തുത വിവരം അറിഞ്ഞ സ്ഥലം എ.എസ്.ഐ. ഏതാണ്ട് 50 മീറ്റർ അകലെ വച്ച് ബസ് നിർത്തിച്ച് ബസ് ഡ്രൈവറെ കൊണ്ടുവന്നപ്പോൾ സംഭവം മന:പൂർവ്വമല്ലെന്നു പറഞ്ഞ് ഡ്രൈവർ ക്ഷമ ചോദിക്കുകയുണ്ടായി. ഇതു സംബന്ധിച്ച കേസ്

രജിസ്റ്റർ ചെയ്യണമെന്ന് എ.എസ്.ഐ.യോട് ആവശ്യപ്പെടുകയുണ്ടായി. അൽപ്പസമയത്തിനുശേഷം ചാനലുകളിൽ ഞാൻ കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവറെ തല്ലി എന്ന് വാർത്ത സംപ്രേഷണം ചെയ്യുന്നതായി അറിയാൻ കഴിഞ്ഞു. മുപ്പത് വർഷമായി രാഷ്ട്രീയത്തിൽ സജീവമായി പ്രവർത്തിച്ചുവരുന്നതും കഴിഞ്ഞ എട്ട് വർഷമായി നിയമസഭാംഗവുമായ എന്നെ പൊതുജനങ്ങൾക്കിടയിൽ അപമാനിതനാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഗൂഢാലോചനയുടെ ഫലമായാണ് തെറ്റായ വാർത്ത സംപ്രേഷണം ചെയ്തത്. ഈ സംഭവത്തിൽ ഒരു നിയമസഭാംഗമെന്ന നിലയ്ക്ക് എനിക്ക് സംരക്ഷണം ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): ബഹുമാനപ്പെട്ട മെമ്പറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് വിശദമായി പരിശോധിക്കാൻ സിറ്റി പോലീസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച - തുടർച്ച</u>

<u>ശ്രീ. എ.എ. ഷുക്കൂർ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ 4 വർഷത്തെ ഭരണവൈകല്യമാണ് എനിക്ക് ഈ സഭയിലെ മെമ്പറാകാനുള്ള അവസരമൊരുക്കിയത്. ആലപ്പുഴയിലെ കെ. എസ്. ഡി. പി., കേരളാ സ്പിന്നേഴ്സ്, എക്സൽ ഗ്ലാസ്സസ്, സ്കൂട്ടേഴ്സ് കേരളാ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സ്ഥിതിയാണ്. 1994-ൽ കെ. എസ്. ഡി. പി.-യെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ സ്ഥാപനത്തിന്റെ വൈറ്റമിൻ ‘എ’ പ്ലാന്റ് അമുൽ എന്ന സ്ഥാപനവുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കാൻ ശ്രമിച്ചപ്പോൾ അതിനെ

എതിർത്തവരാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. കെ. എസ്. ഡി. പി. -ക്കുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വികസനപ്രവർത്തനങ്ങളോ, തൊഴിലാളിക്ഷേമ പരിപാടികളോ നടപ്പിലാക്കിയിട്ടില്ല. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ കേരളത്തെ തരിശുരഹിത സംസ്ഥാനമാക്കി മാറ്റണം. ചേർത്തല താലൂക്കാശുപത്രിക്ക് എൻ. ആർ. എച്ച്. എം.ഫണ്ടിൽ നിന്ന് ഒരു കോടി ആറ് ലക്ഷം രൂപയും സുനാമി ഫണ്ടിൽനിന്ന് ഒരു കോടി രൂപയും കേന്ദ്ര പ്രതിരോധമന്ത്രിയുടെ ഫണ്ടിൽനിന്ന് ഒരു കോടി രൂപയും അനുവദിച്ചു. എൻ. ആർ. എച്ച്. എം.-ന്റെ പദ്ധതികളെല്ലാം സംസ്ഥാന സർക്കാരിന്റെ നേട്ടമാണെന്ന് വരുത്തിത്തീർക്കുന്ന പ്രസ്താവനകളാണ് നടത്തുന്നത്. എന്നാൽ ആ പദ്ധതികളുടെ ഗുണം ജനങ്ങളിലേയ്ക്കെത്തുന്നത് അംഗീകരിക്കാൻ ഈ സർക്കാർ തയ്യാറാകുന്നില്ല. ചെട്ടികാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനും തുറവൂർ താലൂക്കാശുപത്രിക്കും എൻ.ആർ. എച്ച്. എം.-ന്റെ ഫണ്ട് ലഭിച്ചിട്ടും അത് ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല. സുനാമി ഫണ്ട് ഉപയോഗിച്ചാണ് തീരപ്രദേശങ്ങളിൽ വികസനപ്രവർത്തനങ്ങൾ നടത്തുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന ഫണ്ടുപയോഗിച്ചുള്ള പ്രവർത്തനങ്ങൾ മാത്രമാണ് ഇവിടെ നടക്കുന്നത്. ജനദ്രോഹവും ജനവിരുദ്ധവുമായ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. കുട്ടനാട് ആർ. ബ്ലോക്കിൽ 217 കർഷകത്തൊഴിലാളികളുടേയും എസ്. സി. വിഭാഗത്തിൽപ്പെട്ടവരുടേയും പിന്നോക്കക്കാരുടേയും 156 ഏക്കർ ഭൂമി പിടിച്ചെടുത്ത് ടൂറിസം മാഫിയയ്ക്ക് വിറ്റത് സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ആ ഭൂമി അവർക്ക് തിരികെ കൊടുക്കുകയും ചെയ്യണം.

ശ്രീ. എം. ചന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് നയപ്രഖ്യാപന പ്രസംഗങ്ങളിലുമുള്ള കാര്യങ്ങൾ നടപ്പിലാക്കി കൂടുതൽ ജനോപകാരപ്രദമായ നടപടികളെടുത്തുകൊണ്ട് സംസ്ഥാനത്തെ വികസന ത്തിലേയ്ക്ക് നയിക്കുന്ന വ്യക്തമായ ദിശാബോധമുള്ള നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പ്രതിപക്ഷം നന്ദിപ്രമേയ ചർച്ച കളിലുടനീളം നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. കേരളത്തിലെ ജനങ്ങളുടെ പ്രതിനിധികളാണെന്ന കാര്യം മറന്നുകൊണ്ട് പ്രവർത്തിക്കാൻ പാടില്ല. അഴിമതിയും നികുതി വെട്ടിപ്പും തടഞ്ഞ് പണം സ്വരൂപിച്ചുകൊണ്ട് ക്ഷേമപദ്ധതികൾ വിജയിപ്പിക്കുന്നതിനും വിദ്യാഭ്യാസ-ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിലൂടെ കേരളത്തിലെ ജനങ്ങളിൽനിന്നും 1600 കോടി രൂപയാണ് ലഭിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നടപ്പിലാക്കിയില്ലെന്നുപ്രചരിപ്പിച്ച് പദ്ധതിപ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള കേന്ദ്രാവിഷ്കൃത പദ്ധതി കളല്ല അനുവദിക്കുന്നത്. ഐ. എ. വൈ.-യിൽ പട്ടികജാതിക്കാർക്ക് അനുവ ദിക്കുന്ന 30,000 രൂപകൊണ്ട് കേരളത്തിലെ സാഹചര്യമനുസരിച്ച് വീട് വയ്ക്കാൻ കഴിയില്ല. ഇ. എം. എസ്. ഭവനനിർമ്മാണ പദ്ധതിയിൽ ഒരു ലക്ഷം രൂപ വീതമാണ് നീക്കിവയ്ക്കുന്നത്. പി. എം. ജി. എസ്. വൈ. മാനദണ്ഡ പ്രകാരം കേരളത്തിൽ റോഡ് വർക്കുകൾ ചെയ്യാൻ സാധിക്കില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം ലഘൂകരിക്കണം. കേരളത്തിൽ അടുത്ത 10 കൊല്ലത്തേയ്ക്കുവേണ്ട പശ്ചാത്തല സൗകര്യങ്ങളെ

അടിസ്ഥാനമാക്കിയാണ് ഗവൺമെന്റ് പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്. പാലക്കാട് കോച്ച് ഫാക്ടറിക്കുവേണ്ടി കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടില്ല. റെയിൽവേ സോൺ ഇതുവരെ അനുവദിച്ചിട്ടില്ല. വരുന്ന പത്തുവർഷത്തിനുള്ളിൽ 3000 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒറീസ്സയിലെ കൽക്കരിപ്പാടം കൈവശത്തിലാക്കാൻ കഴിഞ്ഞു. 1000 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ചീമേനി തെർമൽ പവർ സ്റ്റേഷൻ പ്രവർത്തനസജ്ജമായിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. 2006 -ലെ നയപ്രഖ്യാപനപ്രസംഗത്തിന്റെ ആവർത്തനമാണ് ഇപ്പോഴും നടത്തിയിട്ടു ള്ളത്. ആ പ്രഖ്യാപനങ്ങളിലൊന്നും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ഗവൺമെന്റിന്റെ ജനദ്രോഹ നടപടികളുടെ ഫലമായി ജനപിന്തുണ കുറഞ്ഞു വരുന്നു എന്നതാണ് ഉപതെരഞ്ഞെടുപ്പുകൾ വ്യക്തമാ ക്കുന്നത്. അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ഗവൺമെന്റാണിത്. ക്രമസമാധാനനില തകർന്നിരിക്കുന്നു. ഈ ഗവൺമെന്റിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങളാണ് ഭീകരവാദം വളർത്താനിടയാക്കിയത്. നിയമവാഴ്ച്ച അപകടപ്പെടുത്തുന്ന .സംഭവങ്ങളാണ് ദിനംപ്രതി ഉണ്ടാകുന്നത്. 2010-ൽ എല്ലാവർക്കും പാർപ്പിടം എന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അന്യസംസ്ഥാന ലോട്ടറിയെ സഹായിക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പെട്രോൾ, ഡീസൽ വിലവർദ്ധനവിലൂടെ ജനങ്ങളിൽ നിന്നും 1600 കോടി രൂപ കേന്ദ്ര ഗവൺമെന്റ് പിരിച്ചെടുക്കുമ്പോൾ അതിലൂടെ കേരള സർക്കാരിന് ലഭിക്കുന്ന 150 കോടി രൂപ വേണ്ടെന്നു വച്ച് ജനങ്ങളെ സഹായിക്കണമെന്ന് പ്രതിപക്ഷം പറയുന്നത് തികച്ചും വിരോധാഭാസമാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുകൂടി കിലോയ്ക്ക് രണ്ടു രൂപ നിരക്കിൽ അരി കൊടുക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഡോ. മൻമോഹൻസിംഗ് തുടങ്ങിവച്ച വനിതാ ബഡ്ജറ്റിംഗ് കേന്ദ്രം ഈ വർഷത്തെ ബഡ്ജറ്റിൽ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരിൽ ഏതു മാർഗ്ഗത്തിലൂടെ വികസനം എത്തിക്കുമെന്ന് കേന്ദ്രഗവൺമെന്റ് വ്യക്തമാക്കേണ്ടതുണ്ട്. ഭൂരിപക്ഷ ജനങ്ങളെ ഒഴിവാക്കി കോർപ്പറേറ്റ് മുതലാളിമാരെ ലക്ഷ്യമിട്ടുകൊണ്ടുള്ള വികസനമാണ് ഇവിടെ നടപ്പാക്കുന്നത്. ദേശീയ തൊഴിലുറപ്പു പദ്ധതിയിലുള്ളത് സംസ്ഥാനങ്ങൾക്ക് നടപ്പിലാക്കാൻ കഴിയാത്ത മാർഗ്ഗനിർദ്ദേശങ്ങളാണ്. കാർഷിക വായ്പകൾക്ക് രണ്ടു ശതമാനം പലിശ സബ്സിഡി നൽകിയതുകൊണ്ട് ഉല്പാദനവർദ്ധനവുണ്ടാകില്ലെന്നും വ്യവസായ മേഖലയ്ക്ക് നൽകുന്നതിന്റെ പകുതി പരിഗണനയെങ്കിലും കാർഷികമേഖലയ്ക്ക് നൽകണമെന്നും ഭക്ഷ്യസുരക്ഷ ബിൽ കൊണ്ടുവന്നതുകൊണ്ടുമാത്രം ഭക്ഷ്യസ്വയംപര്യാപ്തത നേടാനാവില്ലെന്നും മനസ്സിലാക്കണം. ധനക്കമ്മി ആഭ്യന്തര ഉല്പാദനത്തിന്റെ അഞ്ചര ശതമാനത്തിൽ എത്തിനിൽക്കുമ്പോൾ പൊതുമേഖലാസ്ഥാപനങ്ങൾ 25,000 കോടി രൂപയുടെ ഓഹരികൾ വിൽപ്പന നടത്തുകയാണ്. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള നടപടികൾ

സ്വീകരിക്കണം. 14 ലക്ഷം പേരെക്കൂടി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം കേന്ദ്രം പരിഗണിച്ചിട്ടില്ല. 13-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ നിരാശാജനകവും പ്രതിഷേധാർഹവുമാണ്. ആസിയാൻ കരാർമൂലം നാണ്യവിളകൾക്ക് നഷ്ടം ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമെന്നും നാണ്യവിളകൾക്ക് തകർച്ചയുണ്ടായാൽ അതിനു പരിഹാരമായി ഒരു സ്പെഷ്യൽ പാക്കേജ് കൊണ്ടുവരുമെന്നും പറഞ്ഞെങ്കിലും കേന്ദ്രബഡ്ജറ്റിൽ അത് ഉൾപ്പെടുത്തിയിട്ടില്ല. സമസ്ത മേഖലകളിലും കേരളം തഴയപ്പെട്ടിരിക്കുകയാണ്. വെട്ടിച്ചുരുക്കിയ റേഷൻ പുന:സ്ഥാപിക്കാൻപോലും കേന്ദ്രബഡ്ജറ്റിൽ വ്യവസ്ഥയില്ല. പരോക്ഷ നികുതി വർദ്ധിപ്പിച്ച് പ്രത്യക്ഷ നികുതിയിൽ 26000 കോടി രൂപയുടെ ഇളവ് നൽകിയിരിക്കുകയാണ്. കോർപ്പറേറ്റ് മാനേജുമെന്റുകൾക്ക് നൽകിയ 80,000 കോടി രൂപയുടെ പകുതി പിൻവലിച്ചിരുന്നെങ്കിൽ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കുമായിരുന്നു.

<u>ശ്രീമതി കെ.കെ. ലതിക</u>: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. അവധി വ്യാപാരത്തിന് അനുവാദം കൊടുത്തും പൊതുവിതരണ സംപ്രദായം തകർത്തും ജനദ്രോഹ നയങ്ങൾ അടിച്ചേൽപിച്ചും ജനങ്ങളെ പൊറുതിമുട്ടിക്കുന്ന കേന്ദ്രനയത്തിൽനിന്നും വ്യത്യസ്തമായി വികസനത്തിന്റെ ഒരു നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സ്ത്രീകൾക്ക് തദ്ദേശസ്ഥാപനങ്ങളിൽ 50 ശതമാനം സംവരണം ഏർപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. കൗമാരക്കാർക്കുവേണ്ടി സൈക്കോ സോഷ്യൽ കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചത് സ്വാഗതാർഹമാണ്. പെൺകുട്ടികൾ സൈബർ കുറ്റകൃത്യങ്ങൾക്ക് ഇരയാകാതിരിക്കാൻ ബോധവൽക്കരണ പരിപാടികൾ നടത്തണം. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിക്കുവാനും സർക്കാർ ജീവനക്കാർക്ക് ഐ.എം.ജി.യിൽ ട്രെയിനിംഗ് നൽകുവാനുമുള്ള

തീരുമാനം സ്വാഗതാർഹമാണ്. സർക്കാർ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനനുസരിച്ചുള്ള സേവനം ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണം. കാർഷികമേഖലയിൽ ശ്ലാഘനീയമായ പ്രവർത്തനമാണ് സർക്കാർ കാഴ്ചവച്ചത്. മലബാർ മേഖലയുടെ വികസനത്തിനുവേണ്ടി 1600 കോടി രൂപ നീക്കിവച്ചു. കൃഷി ഭൂമി പരമാവധി പ്രയോജനപ്പെടുത്തി ഭക്ഷ്യസ്വയം പര്യാപ്തത നേടാൻ കഴിയണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരികയാണ്. വയോജന നയം നടപ്പിലാക്കാൻ മുൻകൈ എടുക്കണം.

<u>ശ്രീ. പി.എം.എ. സലാം</u>: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. പ്രതികൂല സാഹചര്യങ്ങളുണ്ടായിട്ടും ജനങ്ങൾക്ക് ആശ്വാസം നൽകുന്ന പദ്ധതികളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. വിലക്കയറ്റം പിടിച്ചുനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു. ഇരുപത് ലക്ഷത്തോളം ബി.പി.എൽ കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ റേഷൻകടകളിലൂടെ അരി വിതരണം ചെയ്യാനുള്ള തീരുമാനം സ്വാഗതാർഹ മാണ്. പട്ടികജാതി-പട്ടികവർഗ്ഗ ഗോത്രവിഭാഗത്തിൽപ്പെട്ടവർക്കും മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്കും 50 ലക്ഷം എ.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും രണ്ട് രൂപവച്ച് 12 കിലോ അരി ലഭ്യമാക്കുന്ന പദ്ധതി അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്കുകൂടി ബാധകമാക്കിയത് ജനക്ഷേമകരമാണ്. സിവിൽ സപ്ളൈസ് കോർപ്പറേഷനും സഹകരണവകുപ്പും കമ്പോളത്തിൽ ശക്തമായ ഇടപെടൽ നടത്തിയതുകൊണ്ട് വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞു. 250 പുതിയ വിൽപ്പന ശാലകൾ ഈ മേഖലയിൽ ആരംഭിക്കുമെന്നും നൂറ് മാവേലി സ്റ്റോറുകളെ സൂപ്പർമാർക്കറ്റുകളാക്കി മാറ്റുമെന്നും സഞ്ചരിക്കുന്ന 10 മാവേലി സ്റ്റോറുകൾ കൂടി ആരംഭിക്കുമെന്നുമുള്ള പ്രഖ്യാപനം

ആശ്വാസകരമാണ്. ക്രമസമാധാന നില ഭദ്രമാക്കാൻ കഴിഞ്ഞു. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കി. 43 പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിച്ചു. ജനങ്ങളും പോലീസും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്താനും സൗഹാർദ്ദപരമാക്കാനും ജനമൈത്രി പോലീസിംഗിലൂടെ സാധിച്ചു. സൈബർ പോലീസ് സ്റ്റേഷൻ ആരംഭിച്ചതും സൈബർ സെൽ എല്ലാ ജില്ലകളിലും തുടങ്ങുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതും സ്വാഗതാർഹമാണ്. കിസാൻ അഭിമാൻ പദ്ധതി 14,000 കർഷകർക്ക് പ്രയോജനം ലഭിക്കുന്നതാണ്. നെല്ലിന്റെ സംഭരണ വില 12 രൂപയായി ഉയർത്തിയത് നെൽകർഷകർക്ക് ആശ്വാസം നൽകാനും നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും സാധിച്ചു. 251 കോടി രൂപ ചെലവഴിച്ച് മലബാർ ജലസേചന പാക്കേജ് ആരംഭിച്ചു. ടൂറിസം വികസിപ്പിക്കുന്നതിനായി ബൃഹത്തായ പദ്ധതികൾ ആവിഷ്ക്കരിച്ചു വരികയാണ്. കേരളത്തിലെ ഒരു ജില്ല സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിക്കാൻ സാധിച്ചു. 2010-2011-ൽ 22 മെഗാവാട്ട് ശേഷിയുള്ള അഞ്ച് വൈദ്യുത പദ്ധതികൾ കൂടി ടെന്റർ ചെയ്യണമെന്ന പ്രഖ്യാപനം വൈദ്യുതി പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമാകും. ഐ.ടി മേഖലയിൽ വൻപിച്ച നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചു. കോഴിക്കോട് സൈബർ പാർക്കിനുവേണ്ടി 70 ഏക്കർ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയായിരിക്കുന്നു. പ്രവാസി ക്ഷേമ പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു. ആരോഗ്യ മേഖല കാര്യക്ഷമമാക്കി.

ശ്രീ. രാജു എബ്രഹാം: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ജനോപകാരപ്രദമായ പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ സാധിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ പരിവർത്തിത ദളിത് ക്രൈസ്തവരുടെ 25,000

രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളിയത് ആശ്വാസകരമാണ്. ഡോക്ടർമാരെ നിയമിച്ചും മരുന്ന് ലഭ്യമാക്കിയും ആരോഗ്യമേഖലയെ കാര്യ ക്ഷമമാക്കി. സൈബർ കുറ്റകൃത്യങ്ങൾക്കിരയാകാതിരിക്കാൻ കൗമാരപ്രായക്കാർക്ക് ബോധവൽക്കരണപരിപാടി സംഘടിപ്പിച്ചു. .പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും ലാഭത്തിലാക്കാനും കഴിഞ്ഞു. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 4100 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് അവസരമുണ്ടായി. വൈദ്യുതി രംഗത്ത് വൻപിച്ച നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു. ദക്ഷിണേന്ത്യയിൽ പവർകട്ട് ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റി. ഒരുലക്ഷത്തി പതിനാലായിരം പേർക്ക് പട്ടയം നൽകി ഭൂമിയുടെ ഉടമകളാക്കാനും പതിനായിരക്കണക്കിന് ഏക്കർ ഭൂമി കയ്യേറ്റക്കാരിൽ നിന്ന് പിടിച്ചെടുക്കാനും കഴിഞ്ഞു. ക്ഷാമം പരിഹരിക്കാനും യാത്രാ സൗകര്യം വർദ്ധിപ്പിക്കാനും സ്പോർട്ട്സ് സൗകര്യ ങ്ങൾ ഏർപ്പെടുത്താനും ദുർബ്ബല ജന വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ നടപ്പിലാക്കാനും പച്ചക്കറിയിൽ സ്വയം പര്യാപ്തത കൈവരിക്കാനും സാമൂഹ്യ ക്ഷേമ പദ്ധതികൾ വ്യാപിപ്പിക്കാനും കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ എടുത്തു പറയേണ്ട നേട്ടങ്ങളാണ്.

<u>ശ്രീ. എം. ഉമ്മർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വിലക്കയറ്റം രൂക്ഷമാ യിരിക്കുമ്പോഴും ജനങ്ങൾ സംതൃപ്തരാണെന്നാണ് സർക്കാർ വിലയിരുത്തുന്നത്. മാനദണ്ഡങ്ങളിലെ പോരായ്മ നിമിത്തം ദരിദ്ര ജനവിഭാ ഗങ്ങൾക്കുള്ള ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ പ്രയോജനം പോലും ലഭിക്കുന്നില്ല . തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 30 ശതമാനത്തോളം മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മദ്യഷാപ്പു

കൾക്ക് ദൂരപരിധി നിശ്ചയിക്കുന്നതു സംബന്ധിച്ച് തെറ്റായ റിപ്പോർട്ടുകൾ നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. പാലോളി കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണം.

<u>ശ്രീ. എ.സി. മൊയ്തീൻ</u>: പ്രമേയത്തെ അനുകൂലിക്കുന്നു. നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് കാര്യമായ വിമർശനമൊന്നും നടത്താൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. കേന്ദ്ര പൊതു ബഡ്ജറ്റ് നിരാശാജനകമാണ്. വൻകിട കുത്തകകളെ സംരക്ഷിക്കുന്ന ബഡ്ജറ്റാണ് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്നത്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ട് സംബന്ധിച്ച് ഒരു കാര്യവും ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല. രാസവളത്തിനുണ്ടായിരുന്ന സബ്സിഡി എടുത്തുകളഞ്ഞത് വിലക്കയറ്റത്തിനും കാർഷിക മേഖലയുടെ തകർച്ചയ്ക്കും കാരണമാകും. വളത്തിന് വില നിശ്ചയിക്കാനുള്ള അവകാശംപോലും ഗവൺമെന്റിൽനിന്നും എടുത്തുകളയുന്ന വിധത്തിലുള്ള തീരുമാനമാണ് വരാൻ പോകുന്നത്. ഇൻഡ്യയിലെ കാർഷിക മേഖലയെ തകർക്കുന്നത് യു.പി.എ. ഗവൺമെന്റിന്റെ നയങ്ങളാണ്. സംസ്ഥാന ഗവൺമെന്റ് 9 രൂപയുടെ നെല്ല് 12 രൂപയ്ക്ക് സംഭരിച്ച് അരിയാക്കി 13 രൂപയ്ക്ക് വിതരണം ചെയ്ത് പൊതുവിതരണ മേഖല ശക്തിപ്പെടുത്തുന്ന നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയങ്ങളാണ് വിലക്കയറ്റത്തിന് ഇടയാക്കിയിട്ടുള്ളത്. സംസ്ഥാനങ്ങൾക്ക് അവകാശപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ ഔദാര്യമായി കണക്കാക്കുന്ന നടപടി ശരിയല്ല. ഓരോ വർഷം കഴിയുന്തോറും വാർഷിക പദ്ധതി വിഹിതം കുറഞ്ഞുവരികയാണ്. ഫെഡറലിസത്തെ തകർക്കുന്ന കേന്ദ്ര ഗവൺമെന്റ് നിലപാടിൽ മാറ്റം വരുത്തണം.

ഭരണ-പ്രതിപക്ഷ വിവേചനം കൂടാതെയാണ് എല്ലാ മണ്ഡലങ്ങളിലേയും വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും അവയിലെ ഓഹരികളും കുത്തകക്കാരെ സഹായിക്കാനായി വിറ്റുതുലയ്ക്കുന്ന നടപടിയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ ത്തിന്റെ കാര്യത്തിൽ കേരളം ഇൻഡ്യയ്ക്ക് മാതൃകയാണ്. ഇൻഡ്യയിൽ ആദ്യമായി കാർഷിക പെൻഷൻ നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് 2500 കോടി രൂപയാണ് മുടക്കിയിരിക്കുന്നത്. ക്രമസമാധാനനില ഭദ്രമായിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്നത് കേന്ദ്ര മന്ത്രിമാർപോലും സമ്മതിക്കുന്ന കാര്യമാണ്. ഭികരവാദത്തേയും തീവ്രവാദ പ്രസ്ഥാനങ്ങളേയും പ്രോത്സാഹിപ്പിക്കുന്ന നയ ങ്ങളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻചാണ്ടി)</u> : നന്ദി പ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ഭരണഘടനാപരമായ ബാധ്യത നിറവേറ്റുന്നതിനുവേണ്ടിയുള്ള ഒരു ചടങ്ങാക്കി ഗവൺമെന്റ് മാറ്റിയി രിക്കുകയാണ്. ഈ ഗവൺമെന്റിന്റെ അവസാന നയപ്രഖ്യാപന പ്രസംഗ ത്തിലും പ്രത്യാശകൾ മാത്രമാണുള്ളത്. പ്രഖ്യാപനം നടപ്പിലാക്കാനുള്ള ഇച്ഛാ ശക്തി ഈ ഗവൺമെന്റിനില്ല. മൂന്നാറിൽ എല്ലാപേരും കയ്യേറ്റക്കാരാണെ ന്നുള്ള ധാരണ പരത്തി തൽപരകക്ഷികളെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനെ കുറ്റംപറഞ്ഞുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഉത്തരവാദി ത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള യോജിച്ച പ്രവർത്തനത്തിലൂടെ മാത്രമേ വിലക്കയറ്റം നിയന്ത്രിക്കാ

നാകൂ. വിലക്കയറ്റം ഉണ്ടാകുമ്പോൾ ഉല്പാദന കേന്ദ്രങ്ങളിൽ ഉദ്യോഗസ്ഥരെ അയച്ച് ബൾക്കായി സാധനങ്ങൾ എടുത്ത് വിതരണം ചെയ്യുകയാണ് വേണ്ടത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ കൊണ്ടുവന്ന ആരോഗ്യ സുരക്ഷ ഇൻഷ്വറൻസ് പദ്ധതിക്ക് ബദലായി കേന്ദ്ര പദ്ധതിയായ ആർ.എസ്.ബി.വൈ പദ്ധതി കൊണ്ടുവന്നു. സബ്സിഡി കിട്ടുമായിരുന്ന ആ പദ്ധതിയും നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല കുടുംബശ്രീ വഴി സംസ്ഥാനത്തെ 25 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം കിട്ടത്തക്ക വിധത്തിൽ യു.ഡി.എഫ്. വിഭാവന ചെയ്ത പദ്ധതി അസംഘടിത തൊഴിലാളികൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന സ്കീമിലാണ് ഇപ്പോൾ ഇതിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. സി.& എ.ജി. യുടെ റിപ്പോർട്ടിൽ ആശ്രയ സ്കീമിലെ ഗുരുതരമായ വീഴ്ചകളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 596 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ വഴി ആശ്രയ സ്കീം നടപ്പിലാക്കിയെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം പൂർണ്ണമായി പ്രയോജനപ്പെടുത്താനോ കുടുംബശ്രീക്ക് അനുവദിച്ച ഫണ്ട് ചെലവഴിക്കാനോ സാധിച്ചിട്ടില്ല. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ വർഷം ശരാശരി 22 ദിവസമാണ് ജോലി കൊടുത്തതെങ്കിൽ, ഈ വർഷം തൊഴിൽ ദിനങ്ങൾ 30 ശതമാനത്തിൽ താഴെയായിരിക്കും. ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയപ്പോൾ ഓരോ സംസ്ഥാനത്തേയും മിനിമം കൂലിയാണ് കൊടുക്കാൻ തീരുമാനിച്ചത്. കേരളത്തിൽ 125 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടിരിക്കുന്നു. സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് സംസ്ഥാനം ഒപ്പുവച്ച എഗ്രിമെന്റിലെ വ്യവസ്ഥകളനുസരിച്ച് മുന്നോട്ടു

പോകുന്നതിന് പ്രതിപക്ഷത്തിന്റെ സഹകരണം ഉണ്ടാകും. വിഴിഞ്ഞം തുറമുഖം പദ്ധതി യാഥാർത്ഥ്യമാക്കണം. നിയമവാഴ്ച തകർന്നതിനെതിരെ കോടതി പോലീസിനെ രൂക്ഷമായി വിമർശിച്ച ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. കാമ്പസ്സുകളിൽ നടക്കുന്ന അക്രമങ്ങൾ അവസാനിപ്പിക്കണം. പാലക്കാട് ജില്ലയെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> കൺസ്യൂമർ സ്റ്റേറ്റായ കേരളത്തെ വിലക്കയറ്റം ഗുരുതരമായി ബാധിക്കുമെന്നതിനാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വർദ്ധിപ്പിച്ച വില പിൻവലിക്കണം. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കേന്ദ്രത്തോട് ഏകകണ്ഠമായി ആവശ്യപ്പെടാൻ പ്രതിപക്ഷത്തിന്റെ സഹകരണം ഉണ്ടാകണം. അരി വിഹിതം പുന:സ്ഥാപിച്ചുകിട്ടുന്നതിന് ഒത്തൊരുമിച്ച് മുന്നോട്ടുപോകാം. സംസ്ഥാനത്ത് മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നതോടൊപ്പം മാവേലി ഹോട്ടലുകളും തുടങ്ങാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ കഴിഞ്ഞിട്ടുണ്ട്. പൊതുവിതരണരംഗത്തെ അഴിമതി അവസാനിപ്പിച്ച് കുറഞ്ഞനിരക്കിൽ അരി ലഭ്യമാക്കുന്നതിന് കഴിഞ്ഞു കേന്ദ്രം സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്ത് കൊണ്ടുവന്ന് വിതരണം ചെയ്യുമ്പോൾ കേന്ദ്ര സർക്കാർ നിശ്ചയിച്ച വിലയിൽ നിന്നും അൽപ്പം വർദ്ധനവ് ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഗ്രീൻഗ്രാം 72 രൂപയ്ക്ക് വിൽക്കാനുണ്ടായ കാരണം പരിശോധിക്കുന്നതാണ്.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ):</u> വനാവകാശ നിയമമനുസരിച്ച് അപേക്ഷകൾ സ്വീകരിച്ചും മേളകൾ സംഘടിപ്പിച്ചും മറ്റും ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകി അവരുടെ നിയമപരമായ

സംരക്ഷണത്തിന് നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. ഭൂമി വിതരണം സംബന്ധിച്ചുണ്ടായിരുന്ന സ്റ്റേ ഒഴിവാക്കിയെടുത്തതിനുശേഷം രണ്ട് പട്ടയമേളകൾ കൂടി നടത്തി. ഭൂമി കൊടുത്ത ആദിവാസികൾക്ക് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ വീടും കൃഷി ചെയ്യാനുള്ള സഹായവും നൽകി അവരുടെ പുനരധിവാസം ഉറപ്പാക്കുന്നതാണ്. ആറായിരം പേർക്ക് ഭൂമി വിതരണത്തിനുള്ള നടപടികളായിട്ടുണ്ട്. ഈ വരുന്ന 9-ാം തീയതി തിരുവനന്തപുരത്തു വച്ചും 27-ന് ഇടുക്കിയിൽ വച്ചും പട്ടയ മേളകൾ നടത്തുന്നതാണ്. ആറളം ഫാമിൽ ഇക്കഴിഞ്ഞ 8-ാം തീയതി 200 വീടുകളുടെ താക്കോൽദാനം നടത്തി. ആദിവാസി നിയമമനുസരിച്ചും വനാവകാശ നിയമമനുസരിച്ചും ഭൂമി ലഭിക്കാത്തവർക്ക് ആവശ്യമായ ഭൂമി വില കൊടുത്ത് വാങ്ങി വിതരണം ചെയ്യാൻ തീരുമാനമായിട്ടുണ്ട്. ചെങ്ങറ സമരത്തിൽ പങ്കെടുത്ത 1495 ആദിവാസികൾക്ക് പത്ത് ജില്ലകളിലായി ഏപ്രിൽ ആദ്യവാരത്തോടെ ഭൂമി നൽകുന്നതാണ്. ഇതുവരെ നടത്തിയ ജില്ലാതല പട്ടയമേളകളിൽ നിന്ന് വ്യത്യസ്തമായി പ്രാദേശിക തലത്തിൽ പട്ടയമേളകൾ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഇടുക്കിയിൽ വീണ്ടും ഭൂമി കയ്യേറ്റം ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. കെ.എൽ.സി. പ്രകാരമുള്ള കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ പുതിയ കോടതി സ്ഥാപിക്കുന്നതാണ്. ഏലം കൃഷിക്കാരുൾപ്പെടെയുള്ള കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കും. റെയിൽവേ കോച്ച് ഫാക്ടറിക്കായി 430 ഏക്കർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറാൻ സാധിച്ചത് സർക്കാരിന്റെ അഭിമാനകരമായ നേട്ടമാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അന്യസംസ്ഥാന ലോട്ടറിക്കെതിരെ വിവിധ നടപടികൾ

സ്വീകരിച്ചുവരികയാണ്. ക്രമസമാധാന പാലനത്തിന്റെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിരിക്കുകയാണ്. അക്രമങ്ങളും കൊലപാതകങ്ങളും ഗണ്യമായി കുറഞ്ഞു. അടിയന്തിരപ്രാധാന്യമുള്ള പ്രശ്നങ്ങൾ സഭയിൽ ചർച്ചചെയ്യാൻ എല്ലായ്പ്പോഴും തയ്യാറാകുന്ന ഗവൺമെന്റാണിത്. കേരള പോലീസിൽ ഭീകരവിരുദ്ധ സ്ക്വാഡ് രൂപീകരിക്കും. ഗവൺമെന്റിന്റെ വികസന പരിപാടികൾക്ക് എല്ലാവരുടേയും പിന്തുണയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : മുൻ സർക്കാരിന്റെ കാലത്താണ് ഡാറ്റാ സെന്ററിന്റെ ഫെസിലിറ്റി മാനേജ്മെന്റ് ടെണ്ടർ ചെയ്ത് നൽകാൻ തീരുമാനിച്ചത്. അതിനായി സി-ഡാക്ക് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയോഗിക്കുകയും ടെണ്ടറിലൂടെ ഫെസിലിറ്റി മാനേജ്മെന്റ് ടാറ്റയ്ക്ക് നൽകുകയും ചെയ്തു. ഇവരുടെ കാലാവധി അവസാനിച്ചപ്പോൾ ഈ സർക്കാർ പുതിയ ടെണ്ടർ വിളിക്കുകയും ചില സാങ്കേതിക തർക്കങ്ങൾ കാരണം ആ ടെണ്ടർ ഉപേക്ഷിച്ച് വീണ്ടും ടെണ്ടർ ചെയ്യുകയും ടാറ്റയേക്കാൾ കുറഞ്ഞ തുക ക്വാട്ട് ചെയ്ത റിലയൻസിന് ടെണ്ടർ ലഭിക്കുകയും ചെയ്തു. എൻ. ഐ. സി.-ക്ക് ഈ ജോലി ചെയ്യാൻ കഴിയുമെങ്കിലും അവർ ഇത്തരം ജോലികൾ സംസ്ഥാനങ്ങൾക്കുവേണ്ടി ഏറ്റെടുക്കാറില്ലാത്തതിനാൽ ടാറ്റയായാലും റിലയൻസായാലും തൽക്കാലം കുറഞ്ഞ തുക ക്വാട്ട് ചെയ്തവർക്ക് മാനേജ്മെന്റ് ചുമതല ഏൽപ്പിച്ചുകൊടുക്കുകയാണുണ്ടായത്. ഡാറ്റാ സെന്റർ ഉപയോഗപ്പെടുത്തുന്ന വകുപ്പുകളുടെ ആവശ്യംകൂടി പരിഗണിച്ചും പഴയ ടെണ്ടറിലെ ചില പോരായ്മകൾകൂടി പരിഹരിച്ചുമാണ് ടെണ്ടർ രേഖകളിൽ മാറ്റങ്ങൾ വരുത്തിയത്. ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ ആവശ്യപ്രകാരം ടെണ്ടർ തീയതി നീട്ടിയ ശേഷമാണ് ടാറ്റയും എച്ച്. സി. എൽ.-ഉം

റിലയൻസുമെല്ലാം ടെണ്ടർ സമർപ്പിച്ചത്. എന്നാൽ സംസ്ഥാനത്തിന്റെ വില പ്പെട്ട വിവരങ്ങൾ റിലയൻസ് കൊണ്ടുപോകാനുള്ള സാദ്ധ്യതയുണ്ട് എന്നുപറ യുന്നതിൽ കഴമ്പില്ല. സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ പ്രാധാന്യത്തെക്കുറിച്ച് സർക്കാരിന് ഉത്തമബോദ്ധ്യമുണ്ട്. ഇപ്പോഴത്തെ ആരോപണങ്ങൾ വസ്തുത കൾക്ക് നിരക്കുന്നതല്ല. ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഐ. ടി. വകുപ്പിൽ നടന്നിട്ടുള്ള ശ്ലാഘനീയമായ പ്രവർത്തനങ്ങളെ തമസ്ക്കരിക്കാ നാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. വ്യവസായത്തിനെന്നപോലെ സാമൂഹ്യരം ഗത്തിനും തുല്യപ്രാധാന്യം നൽകുന്ന ഐ. ടി. നയരേഖയ്ക്ക് അനുഗുണ മായി മാത്രമാണ് ഐ. ടി. വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും നടന്നിട്ടുള്ളത്. നാല് വർഷം മുമ്പത്തേതിൽനിന്നും ഐ. ടി. വ്യവസാ യത്തിലും ഐ. ടി. അടിസ്ഥാന സൗകര്യങ്ങളിലുമുള്ള വികസനം നാല് മടങ്ങ് വർദ്ധനവാണ് രേഖപ്പെടുത്തുന്നത്. ഇൻഫോപാർക്കിൽ ഇനിയൊരു വികസനവും നടത്താതിരിക്കാനുള്ള സർക്കാർ ഉത്തരവ് യു. ഡി. എഫ്. ഇറ ക്കിയിരുന്നു. എന്നാൽ എൽ. ഡി. എഫ്. സർക്കാർ അത്തരം സ്വകാര്യ വൽക്കരണത്തിന് അറുതിവരുത്തി. ഇപ്പോൾ സംസ്ഥാനത്തിന് തികച്ചും വ്യക്തമായ ഒരു ഐ. ടി. വികസന പദ്ധതിയുണ്ട്. സംസ്ഥാനത്തിനാകെ ഗുണകരമായ വിധത്തിൽ വ്യാപിച്ചുകിടക്കുന്ന സന്തുലിത ഐ. ടി. വികസന മാണ് ലക്ഷ്യം വെയ്ക്കുന്നത്. ഒന്നോ രണ്ടോ നഗരങ്ങളുടെമേൽ സമ്മർദ്ദം ചെലുത്തപ്പെടുന്നില്ല എന്ന് ഉറപ്പാക്കാനും ഈ സമീപനം സഹായകമാവുന്നു. ഈ ലക്ഷ്യം നേടുന്നതിനായിട്ടാണ് തിരുവനന്തപുരം-കൊച്ചി-കോഴിക്കോട് നഗരങ്ങൾ കേന്ദ്രീകരിച്ച് ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നീ മൂന്ന് ഐ. ടി. വികസനകേന്ദ്രങ്ങളും അവയുടെ അനുബന്ധ ങ്ങളായി വിവിധ ചെറുകിട ഐ. ടി. പാർക്കുകളും രൂപകൽപ്പന ചെയ്തത്.

2006 മേയ്മാസം കേവലം 242 ഏക്കർ മാത്രമുണ്ടായിരുന്ന ടെക്നോപാർക്ക് ഇപ്പോൾ 837 ഏക്കറിലേയ്ക്ക് വളരുകയാണ്. അതിനുള്ള സ്ഥലം ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയുംചെയ്തു. ടെക്നോപാർക്കിന്റെ ആദ്യ പതിനഞ്ച് വർഷത്തിനിടയിൽ പതിമൂന്നര ലക്ഷം ചതുരശ്ര അടി കെട്ടിടം മാത്രമാണുണ്ടാക്കാനായതെങ്കിൽ ഇപ്പോൾ 45 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമ്മിച്ചുകഴിഞ്ഞു; 12 ലക്ഷം ചതുരശ്ര അടി കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കഴിഞ്ഞ നാല് വർഷത്തിനിടയിൽ 63 പുതിയ കമ്പനികൾ ഇവിടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യു. ഡി. എഫ്.-ന്റെ കാലത്ത് ഇൻഫോപാർക്ക് വിൽക്കാൻ കരാറാവുകയും ആ പേര് സ്വകാര്യ കമ്പനിക്ക് അടിയറ വെയ്ക്കാനുമാണ് തുനിഞ്ഞത്. എൽ. ഡി. എഫ്. സർക്കാർ ഇൻഫോപാർക്ക് നിലനിർത്തുകയും പുതുതായി 163 ഏക്കർ സ്ഥലംകൂടി ചേർത്ത് വിപുലപ്പെടുത്തുകയുമാണ് ചെയ്തത്. 2006 മേയ് മാസത്തിൽ 5.35 ലക്ഷം ചതുരശ്ര അടി കെട്ടിടം മാത്രമുണ്ടായിരുന്ന ഇൻഫോപാർക്കിൽ ഇന്ന് 25 ലക്ഷം ചതുരശ്ര അടി നിർമ്മിത കെട്ടിടങ്ങളുണ്ട്. അതിനുപുറമേ മറ്റൊരു 22 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇന്ന് അവിടെ 63 കമ്പനികൾ പ്രവർത്തിക്കുന്നു. ഇൻഫോപാർക്ക് കൊച്ചിയിൽ മാത്രം ഒതുക്കാതെ കൊരട്ടി, അമ്പലപ്പുഴ, ചേർത്തല എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ്. മലബാറിന്റെ ഐ. ടി. വികസന സ്വപ്നങ്ങൾ ഇപ്പോൾ യാഥാർത്ഥ്യമാവുകയാണ്. സൈബർ പാർക്ക് എന്ന പേരിൽ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലായി 195 ഏക്കറിൽ ഐ. ടി. പാർക്ക് വരുന്നു. ഇതിനെല്ലാം പുറമേയാണ് ഗ്രാമങ്ങളിൽ നവ സംരംഭകരെ ഉദ്ദേശിച്ച് ടെക്നോലോഡ്ജുകൾ വരുന്നത്. ഓരോ ടെക്നോലോഡ്ജിലും നൂറോളം പേർക്ക് തൊഴിലെടുക്കാനുള്ള

സൗകര്യമുണ്ടാവും. ഐ. ടി. കയറ്റുമതി 2006-ലെ 680 കോടിയിൽനിന്നും നാല് വർഷംകൊണ്ട് വർദ്ധിച്ച് 3,000 കോടിയിലെത്തി. ഈ വളർച്ചാനിരക്ക് നിലനിർത്താനുള്ള നടപടികളും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. തൊഴിലിടങ്ങളിൽ കഴിവുകളാർജ്ജിച്ച ചെറുപ്പക്കാരുടെ ലഭ്യത ഉറപ്പാക്കുന്ന തിന് ഫിനിഷിംഗ് സ്കൂളുകൾ ആരംഭിച്ചു. ഐ. ടി. അറ്റ് സ്കൂൾ പദ്ധതി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഐ. ടി. മാനേജ്മെന്റ്, കാറ്റ്ഫോസ്, ഐ. സി. ടി. അക്കാഡമി, സ്പീഡ് ഐ. ടി. തുടങ്ങിയ നിരവധി പദ്ധതികളിലൂടെ മനുഷ്യ വിഭവശേഷി പരിപോഷിപ്പിക്കാൻ വലിയൊരളവോളം കഴിഞ്ഞിട്ടുണ്ട്. സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ സമൂഹത്തിന് ലഭ്യമാവണമെന്ന ലക്ഷ്യത്തോടെയാണ് ഇ-ഗവേണൻസ് പദ്ധതിയുമായി സർക്കാർ മുന്നോട്ടു പോകുന്നത്. വിവിധ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ 2600 അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഇ-ഗവേണൻസ് പദ്ധതിയി ലൂടെ ലഭ്യമാവുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്താനാവശ്യമായ പ്രാഥ മിക കമ്പ്യൂട്ടർ അവബോധം ജനങ്ങളിലെത്തിക്കുന്നതിനുള്ള പ്രവർത്തന ങ്ങളും സർക്കാർ ചെയ്യുന്നുണ്ട്. അന്ധർക്ക് കമ്പ്യൂട്ടർ പ്രയോജനപ്പെടുത്താ നാവുംവിധം രൂപകൽപ്പന ചെയ്ത ഇൻസൈറ്റ് പദ്ധതി, മലയാളത്തിൽ കമ്പ്യൂ ട്ടർ ഉപയോഗിക്കാൻ സഹായിക്കുന്ന മലയാളം കമ്പ്യൂട്ടിംഗ് പദ്ധതി തുട ങ്ങിയവയിലൂടെ ഐ. ടി.-ക്ക് സാമൂഹ്യപ്രാധാന്യം കൈവന്നിരിക്കുന്നു. അടി സ്ഥാനസൗകര്യങ്ങൾ നാല് മടങ്ങായും ഐ. ടി. പാർക്കുകൾ പത്തായും വർദ്ധിക്കുകയും ഇതിനെല്ലാം ഭൂമി അനുവദിക്കുകയും സെസ് പദവി ലഭ്യമാ ക്കി, മാസ്റ്റർ പ്ലാൻ തയ്യാറാക്കി, പണി ടെണ്ടർ ചെയ്യുകയും ചെയ്തു. ഐ. ടി. പാർക്കുകളിലെ കമ്പനികളുടെ എണ്ണം രണ്ട് മടങ്ങായും തൊഴിലാളികളുടെ എണ്ണം മൂന്ന് മടങ്ങുമായി. ഐ. ടി. കയറ്റുമതി റെക്കോർഡ് വളർച്ച നേടി

യത് ദേശീയ തലത്തിൽ മൂന്നിരട്ടിയാണ്. സംസ്ഥാന ഐ. ടി. ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി രൂപീകരിച്ചു. സ്വകാര്യ മേഖലയുൾപ്പെടെ ഐ. ടി. മേഖലയിൽ പതിനായിരം കോടി രൂപയുടെ മുതൽമുടക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി സാമൂഹ്യ പ്രാധാന്യമുള്ള പദ്ധതികൾ നടപ്പാക്കി. സ്മാർട്ട് സിറ്റി ഇല്ലെങ്കിലും കേരളത്തിന്റെ ഐ.ടി. മേഖല സുരക്ഷിതമാണ്. ഇൻഫോപാർക്ക് സർക്കാർ ഉടമസ്ഥതയിൽ നിലനിറുത്തിയതുകൊണ്ടാണ് ഇന്ന് ഇത്രയധികം കമ്പനികൾ വന്നതും സ്മാർട്ട് സിറ്റിക്കാർ യു. ഡി. എഫു-മായുണ്ടാക്കിയ കരാറിൽ പറഞ്ഞ തൊഴിൽ മൂന്ന് വർഷം കൊണ്ട് അവിടെ വന്നതും. പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധനവ് പിൻവലിക്കണമെന്നുപറയാതെ കേരളത്തിന് നികുതിയിനത്തിൽ കിട്ടുന്ന പണം ഉപേക്ഷിക്കണമെന്ന് പ്രതിപക്ഷം പറയുന്നത് കുത്തക എണ്ണക്കമ്പനികളെ സംരക്ഷിക്കുന്നതിനാണ്. കമ്പോളത്തിലിടപെട്ട് നിത്യോപയോഗസാധനങ്ങളുടെ വില കുറച്ചുകൊണ്ടുവരാനും വിലക്കയറ്റം നിയന്ത്രിക്കാനും കഴിഞ്ഞതിന് സംസ്ഥാന ഗവൺമെന്റിന് കേന്ദ്രഗവൺമെന്റിന്റെ അഭിനന്ദനം ലഭിച്ചിട്ടുണ്ട്. പൊതുമേഖാലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിച്ച് രാജ്യത്തെ കുത്തുപാള എടുപ്പിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച നന്ദിപ്രമേയം 33-നെതിരെ 81 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.46-ന് പിരിഞ്ഞു.

.................................